**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2178** 06/10/2016 -ൽ മറുപടിയ്ക്ക്

**ഗ്രേസ് മാർക്കിന്റെ സാധ്യതകൾ ദുർവിനിയോഗം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.പി.അയിഷാ പോറ്റി | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഗ്രേസ് മാർക്കിന്റെ സാധ്യതകൾ ദുർവിനിയോഗം ചെയ്യപ്പെടുന്നതും പരീക്ഷാ ഫലത്തിന്റെ കാര്യത്തിൽ മൂല്യച്യുതി സംഭവിക്കുന്നതും ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) മാനദണ്ഡങ്ങൾ പ്രകാരം അർഹരായ കുട്ടികൾക്ക് മാത്രമേ ഗ്രേസ് മാർക്ക് നൽകിവരുന്നുള്ളൂ. ഗ്രേസ് മാർക്ക് അനുവദിക്കുന്നതു കാരണം അക്കാദമിക് മികവ് പുലർത്തുന്ന വിദ്യാർത്ഥികളുടെ സാധ്യതകൾ പരിമിതപ്പെടുന്നതായി പല തലങ്ങളിൽ നിന്നും പരാതികൾ ഉയർന്നു വരുന്നുണ്ട്. |
| (ബി) ഗ്രേസ് മാർക്കിന്റെ ലഭ്യത കലോത്സവ ഇനങ്ങളിൽ ഉൾപ്പെടെ വിദ്യാർത്ഥികളിൽ അനാരോഗ്യ മത്സരപ്രവണത ഉണ്ടാക്കുന്നതിനാൽ നിലവിലെ ഗ്രേസ് മാർക്ക് സമ്പ്രദായത്തിൽ പുനർവിചിന്തനം നടത്തുമോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല. |

Sreedevi

സെക്ഷൻ ഓഫീസർ